# അടിക്കരുത് കുട്ടികളെ

പലരും തങ്ങളുടെ കുട്ടിക്കാലത്തെ അനുഭവങ്ങൾ വെച്ച് പറയും, 'പണ്ടൊക്കെ കുട്ടികളെ വേണ്ട വണ്ണം അടിച്ചു വളർത്തിയിരുന്നു. അതുകൊണ്ട് അവരൊക്കെ നല്ല നിലയിലായി'. പൂർണ വിശ്വാസത്തോടെ, ചിലപ്പോൾ സ്വന്തം അനുഭവങ്ങളെ വിവരിച്ചു കൊണ്ടാകും ഈ പറച്ചിൽ. അടി കിട്ടിയത് കൊണ്ടു മാത്രം രക്ഷപ്പെട്ടു എന്ന് പറയാനും കുറച്ചു പേർ ഉണ്ടാകും. രക്ഷിതാക്കൾ കുട്ടികളെ അടിക്കുന്നത് തെറ്റല്ല എന്ന് വിശ്വസിക്കുന്നവരാണ് നല്ലൊരു പങ്കും. സ്നേഹിക്കുന്നതിന്റെ മറ്റൊരു മുഖമാണ് അതെന്നും ചിലർ വാദിക്കും.

പണ്ടത്തെ കാലത്ത് അടി കിട്ടി കണ്ണ് നിറയുമ്പോൾ ഉടനെ ആശ്വസിപ്പിക്കാൻ മറ്റാരെങ്കിലും കാണും. അടി കിട്ടിയ 'സാഹചര്യം' പറഞ്ഞു തരാൻ ഒരു മൂന്നാം കക്ഷിയുണ്ടാകും. ഈ ഇൻസ്റ്റന്റ് കൗൺസലിങ് അടി കൊണ്ടുള്ള ദോഷത്തെ ഒരു പരിധി വരെ ഇല്ലാതാക്കിയിരുന്നു. ഇന്നത്തെ അണുകുടുംബങ്ങളിൽ, അത്തരത്തിൽ സ്വതന്ത്ര ഇടപെടലിന് ആരുമില്ല. അതുകൊണ്ട് തന്നെ അടി മാത്രമേ ഉണ്ടാവൂ. അതു കഴിഞ്ഞിട്ടുള്ള ആശ്വസിപ്പിക്കൽ ഉണ്ടായിക്കൊള്ളണമെന്നില്ല.

## കുട്ടി പണ്ടത്തെ കുട്ടിയല്ല

മുതിർന്നവർ പറയുന്നതെന്തും അനുസരിക്കണമെന്നായിരുന്നല്ലോ പഴയ ഉപദേശവും രീതിയും. മുതിർന്നവർക്ക് തെറ്റ് പറ്റും എന്നും അവർക്ക് ദുരുദ്ദേശങ്ങൾ ഉണ്ടാകാമെന്നും ഇന്നത്തെ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് . ഇതുപോലെ തന്നെയാണ് അടിയു



**അടിയാണ് കുട്ടികളെ നേരെയാക്കാൻ നല്ല മരുന്ന് എന്നു തോന്നുന്നുണ്ടോ?**

## തലച്ചോറിനും വേദനിക്കും

അടിയുടെ ഏറ്റവും വലിയ ദോഷം മറ്റൊന്നാണ്. നമ്മുടെ തലച്ചോർ യൗവനകാലം വരെ പലവിധത്തിലുള്ള മാറ്റങ്ങൾക്കു വിധേയമാവുന്നു. സ്നേഹാനുഭവങ്ങൾ, സ്നേഹം നിറഞ്ഞ സ്പർശം, ആശ്വസിപ്പിക്കൽ, പ്രചോദിപ്പിക്കൽ തുടങ്ങി എണ്ണമറ്റ ഇടപെടലുകളിലൂടെ കുട്ടിയുടെ തലച്ചോർ വ്യത്യസ്തമായ കഴിവുകൾ നേടുന്നു. അവ തലച്ചോറിലെ സർക്യൂട്ടുകളിൽ വ്യത്യാസം ഉണ്ടാക്കുന്നു. അനുഭവങ്ങൾ തലച്ചോറിന്റെ ഘടനയെ മാറ്റുന്നു എന്ന് ചുരുക്കം. അടിയും കടുത്ത മന:പ്രയാസം ഉണ്ടാക്കുന്ന അനുഭവങ്ങളും തലച്ചോറിന്റെ ഈ വികാസ പ്രക്രിയയെ ദോഷകരമായി ബാധിക്കുന്നു.

വളരെ കടുത്ത ശാരീരിക ശിക്ഷകൾ അനുഭവിച്ചവരുടെ തലച്ചോറിന്റെ ഘടനയിലും അതിന്റെ പ്രവർത്തനത്തിലും ചില പ്രത്യേക അടയാളങ്ങൾ കാണാനാവും. ഇത് പെരുമാറ്റത്തിലോ പ്രവൃത്തികളിലോ കാണാവുന്ന വ്യത്യാസം ഉണ്ടാക്കണമെന്നില്ല. പക്ഷെ , കടുത്ത സമ്മർദമോ പ്രയാസങ്ങളോ നേരിടേണ്ടി വരുമ്പോൾ ഈ കുട്ടികൾ നിലം പൊത്താനുള്ള സാധ്യത ഏറെയാണ്.

ടെ കാര്യവും. അച്ഛനും അമ്മയും അടിക്കുക എന്നത് പണ്ടത്തെ ചുറ്റുപാടിൽ വളർന്ന ഒരു കുട്ടിക്ക് സ്വാഭാവികമാണ്. അതുകൊണ്ട് അടി കടുത്ത ഒരു പീഡന അനുഭവം ആവുന്നില്ല. അതിനെ നിസ്സാരവൽക്കരിക്കാനും മറന്നു കളയാനും കുട്ടികൾക്ക് കഴിയുന്നു. എന്നാൽ, ഇന്നത്തെ കുട്ടികളുടെ 'മാനസിക ചുറ്റുപാടുകൾ' വളരെ വ്യത്യസ്തമാണ്. അടിക്കുക എന്നത് സ്കൂളിൽ എന്തുകൊണ്ടാണ് വിലക്കിയത് എന്ന് അവർക്കറിയാം . കുട്ടികളെങ്കിലും തങ്ങൾക്കും അവകാശങ്ങൾ ഉണ്ടെന്നു മനസ്സിലാക്കാൻ അവർക്കാവുന്നുണ്ട്. മറ്റൊരാളിൽ നിന്ന് അടി കൊള്ളുക എന്നതു സ്വാഭാവികമല്ല എന്നുമറിയാം. പണ്ടത്തെ കുട്ടികൾ അടി കൊള്ളുമ്പോൾ ചെയ്ത തെറ്റിനെ കുറിച്ചായിരിക്കാം ഒരുപക്ഷെ ഓർത്തിരുന്നത്. ഇന്നാകട്ടെ, തന്റെ ശരീരത്തിനുമേൽ നടത്തിയ അക്രമത്തിലുള്ള സങ്കടവും അമർഷവും മനസ്സ് നിറയെ ഉണ്ടാകാനാണ് കൂടുതൽ സാധ്യത.

## എൻെറ കുട്ടിയെ വഴക്കുപറയുകയോ

പണ്ട്, വീടിനു പുറത്ത് അസമയത്തു കണ്ടാലോ എന്തെങ്കിലും കുസൃതി ഒപ്പിച്ച് നടക്കുന്നത് കണ്ടാലോ, രക്ഷിതാക്കളെ അറിയുന്ന ആരെങ്കിലും വഴക്ക് പറയും. വേണ്ടി വന്നാൽ ഒരടി തന്നു 'വീട്ടിൽ പോ' എന്നും പറയും. ഇന്ന് എത്രയാളുകൾ ഇത് ചെയ്യും? എത്ര അച്ഛനമ്മമാർ മറ്റാരെങ്കിലും തങ്ങളുടെ കുട്ടിയെ, അടിക്കുന്നതിനു പോകട്ടെ , വഴക്ക് പറയുന്നതിന് സമ്മതിക്കും? സ്കൂളുകളിൽ ചൂരൽ പ്രയോഗം സാധാരണവും സ്വാഭാവികവും ആയിരുന്നല്ലോ. ചൂരൽ പാടുകളുമായി വീട്ടിൽ എത്തിയാൽ അച്ഛന്റെ വക രണ്ടാം ഡോസ് കിട്ടുമായിരുന്നു എന്ന് പലരും പറയാറുണ്ട്. കുട്ടികളുടെ ദേഹത്ത് ചൂരൽ പാട് കണ്ടാൽ, അധ്യാപകന്റെ ചെയ്തിയെ ചോദ്യം ചെയ്യുന്നവരല്ലേ ഇന്ന് കൂടുതൽ ?

കുട്ടികളെ വേദനിപ്പിക്കുക എന്നതു ശരിയല്ല എന്ന തോന്നലിൽ നിന്നാണല്ലോ ഈ രണ്ടു സന്ദർഭങ്ങളിലും അച്ഛനമ്മമാർ രോഷാകുലരാകുന്നത്? ഇത് നമ്മുടെ സമൂഹത്തിലെ മാറ്റമാണ് കാണിക്കുന്നത്. കുട്ടികളെ ശാരീരികമായി വേദനിപ്പിക്കുന്നത് ശരിയല്ല എന്ന ചിന്ത പൊതുവിൽ നമ്മൾ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. ഈ മാറ്റം കുട്ടികളിലും ഉണ്ട്. അടി കിട്ടുമ്പോൾ അത് അവരിൽ കടുത്ത പ്രതികരണം ഉണ്ടാക്കുന്നു. അത് ശരിയല്ലാത്ത ഒരു കാര്യമാണ് എന്നവർ ചിന്തിക്കുന്നു. അതവരെ വ്രണപ്പെടുത്തുന്നു. ഇതാണ് അടിയുടെ ദോഷം.

## ആയുസ്സ് കുറയ്ക്കുന്ന അടി

ശാരീരികവും മാനസികവുമായ പീഡനങ്ങളും ശിക്ഷകളും അനുഭവിച്ച കുട്ടികളെ വർഷങ്ങളോളം, അവരുടെ മുതിർന്ന പ്രായത്തിൽ, പഠിച്ചപ്പോൾ കണ്ടെത്തിയ ചില കാര്യങ്ങൾ നമ്മെ ആശ്ചര്യപ്പെടുത്തും. പലവിധ ശാരീരികരോഗങ്ങൾ ഇവരിൽ കൂടുതലാണ്. മദ്യം, മയക്കു മരുന്ന് എന്നിവയുടെ ഉപയോഗം വളരെ കൂടുതലാണ്. അവർ കൂടുതൽ അപകടങ്ങളിൽ പെടുന്നു. മറ്റുള്ളവരെ അപേക്ഷിച്ച് ഇവർ നേരത്തേ മരിക്കുകയും ചെയ്യുന്നു. മാനസികവും ശാരീരികവും ആയ ശിക്ഷകൾ അനുഭവിച്ചവരുടെ തലച്ചോറും, ശരീരത്തിലെ പലവിധത്തിലുള്ള സംരക്ഷണ സംവിധാനങ്ങളും ശരിയായി പ്രവർത്തിക്കുന്നില്ല എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

## സ്നേഹിക്കുന്നവർ വേദനിപ്പിക്കുമ്പോൾ

കടുത്ത ശിക്ഷകൾ അനുഭവിച്ച കുട്ടികളുടെ വ്യക്തിത്വത്തിൽ പല പ്രശ്നങ്ങളും കാണാറുണ്ട്. അടി കിട്ടി ശീലമായവർ അത് മറ്റുള്ളവരിലും പ്രയോഗിക്കാനുള്ള സാധ്യത കൂടുതലാണ്. അഭിപ്രായ വ്യത്യാസങ്ങൾ തീർക്കാനുള്ള സ്വാഭാവികമായ വഴിയായി അടിയെയും അക്രമത്തേയും ഇവർ കണ്ടേക്കാം. അടി കുട്ടികളുടെ ആത്മവിശ്വാസത്തെ കെടുത്തിയേക്കാം. പുതിയ കാര്യങ്ങൾ ചിന്തിക്കാനും ചെയ്യാനുമുള്ള തുറന്ന മാനസിക രീതി അവർക്ക് ഉണ്ടായിക്കൊള്ളണമെന്നില്ല. ഇത് അവരെ അന്തർമുഖരാക്കും.

സ്നേഹിക്കുന്നവർ തന്നെ കടുത്ത വേദന തരുമ്പോൾ, കുട്ടികളുടെ ഉള്ളിൽ മറ്റുള്ളവരെ വിശ്വസിക്കാതിരിക്കാനുള്ള പ്രവണത ഉടലെടുക്കും. ഇത് ഭാവിയിൽ, അടുത്ത ബന്ധങ്ങളുടെ സുഗമമായ വളർച്ചയെ തടസ്സപ്പെടുത്താം. ശിക്ഷ കിട്ടുമ്പോൾ ഉണ്ടാകുന്ന ആന്തരിക സംഘർഷത്തെ ശരിയായി തിരിച്ചറിയാനും സമരസപ്പെടാനും കഴിയാതെ പലരും ലഹരിയുടെയും പെട്ടെന്ന് ഉത്തേജനം കിട്ടുന്ന പ്രവർത്തികളുടെയും പിറകെ പോകുന്നതും സാധാരണമാണ് .

അടിച്ചു വളർത്തുന്നത് പഴയ ലോകത്തിന്റെ സാമാന്യ ബുദ്ധിയായിരുന്നു. വേദനിപ്പിച്ചാൽ ഒരു പ്രവൃത്തി വീണ്ടും ആവർത്തിക്കില്ല എന്ന യുക്തിക്ക് ഇന്ന് പ്രസക്തിയില്ല . ചെറുതോ വലുതോ ആയ, ശാരീരികമായി വേദനിപ്പിക്കുന്ന, ശിക്ഷകൾ നൽകുന്ന അച്ഛനമ്മമാർ എന്തുകൊണ്ട് അങ്ങനെ ചെയ്യുന്നു എന്ന് ആലോചിക്കണം. ചിന്തിക്കാതെ പ്രവർത്തിക്കുന്ന രീതി തങ്ങൾക്കുണ്ടോ എന്നവർ നോക്കണം. പെട്ടെന്ന് കോപം തലയ്ക്കു പിടിക്കുന്ന സ്വഭാവം ഉണ്ടോ എന്നാലോചിക്കണം. മറ്റു മന:സംഘർഷങ്ങൾ അനുഭവിക്കുന്നവർ, അതാണോ ശിക്ഷ നൽകാൻ കാരണം എന്ന് പരിശോധിക്കണം. ചിലപ്പോൾ, തലമുറകളുടെ ശീലം നമ്മൾ അറിയാതെ ആവർത്തിക്കുന്നത് മാത്രമാകാം.

ശാരീരിക വേദന നിരന്തരം നൽകുന്നത് കുട്ടികളുടെ മനസൗഖ്യത്തെയും ഭാവി ആരോഗ്യത്തെയും വ്യക്തിത്വത്തെയും ദോഷകരമായി ബാധിക്കാമെന്നു ചുരുക്കം. അത് ഒഴിവാക്കുക തന്നെ വേണം. ശിക്ഷിക്കാൻ എത്രയോ വേറെ മാർഗങ്ങൾ ഉണ്ട് .



● ഡോ. മനോജ് തേറയിൽ കുമാർ
ക്ലിനിക്കൽ ഡയറക്ടർ, ഇൻ മൈൻഡ്,
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈൻഡ് ആൻഡ് ബ്രെയിൻ, തൃശൂർ